ഉത്തരം

ഉണ്ട്. സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തത്തോടെ തിരുവനന്തപുരം നഗരത്തിലെ ദരിദ്രവിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിക്കുന്നതിന് നടപടി

98 [1277] ശ്രീ. ജോർജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാർ സർവീസിലുള്ള ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിക്കണമോ, വേണ്ടയോ, വേണമെങ്കിൽ ഏതു രീതിയിൽ, ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും എന്തെല്ലാം ഇക്കാര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. ടി. എൻ. ജയചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

(ബി, സി) റിപ്പോർട്ട് മാർച്ച്മാസം മൂന്നാം വാരത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സർക്കാർ ആശുപത്രികളിൽ പ്രവർത്തനരഹിതമായ ഉപകരണങ്ങൾ നന്നാക്കുന്നതിന് നടപടി

99 [1278] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഉപകരണങ്ങൾ നന്നാക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമുള്ള ഫണ്ട് അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly